**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 913** **02-02-2026 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ചാലക്കുടി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത നഗറുകൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് അറിയിക്കുമോ; | (എ) | പുലിപ്പാറക്കുന്ന് (2016-17), കുറ്റിച്ചിറ വെസ്റ്റ് (2016-17), കല്ലിക്കൽ കുന്ന് (2016-17), കാഞ്ഞിരപ്പിള്ളി (2016-17), കുറ്റിച്ചിറ ഈസ്റ്റ് (2019-20), ക്ലർക്കമറ്റം (2021-22) എന്നീ 6 നഗറുകളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചു.<br>ത്രിപ്പാപ്പിള്ളി(2022-23), വൈലാത്ര (2022-23) എന്നീ 2 നഗറുകളിലെ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. വി.ആർ.പുരം(2021-22), കുവക്കാട്ടുകുന്ന്(2022-23) എന്നീ 2 നഗറുകളിലെ റീ എസ്റ്റിമേറ്റ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു . |
| (ബി) | പ്രസ്തുത നഗറുകളിലെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദീകരിക്കാമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മന്ത്രിതലത്തിലും ഡയറക്ടറേറ്റ് തലത്തിലും ജില്ലാ തലത്തിലും അവലോകന യോഗങ്ങൾ സംഘടിപ്പിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രതിസന്ധികൾ പരിഹരിച്ച് പദ്ധതി നിർവ്വഹണം സാദ്ധ്യമാക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ